# ഉപഭോക്തൃ സങ്കട പരിഹാര ഫോറം

**വൈദ്യുതി വിഭാഗം, തൃശ്ശൂർ കോർപ്പറേഷൻ**

**തൃശ്ശൂർ - 680 001.**

നമ്പർ : CGRF – 7417/25 തിയ്യതി : 28.11.2025

**ഹാജർ**

| | | |
|---|---|---|
| ടി. എസ്. ജോസ് | - | ചെയർപേഴ്സൺ |
| കെ.വിനുകൃഷ്ണൻ | - | മെമ്പർ |
| അഡ്വ. അസിയ.പി.കെ | - | മെമ്പർ |

Rinson. P. Royson
Pulikkottil Complex, Erinjery Angadi — പരാതിക്കാരൻ
New Church Road, Thrissur
Opposite Manjali Jewellery
Room No.: 10/480 & 35/1861.

ലൈസൻസിയ്ക്കു വേണ്ടി
അസിസ്റ്റന്റ് സെക്രട്ടറി,
വൈദ്യുതി വിഭാഗം — എതിർകക്ഷി
തൃശ്ശൂർ കോർപ്പറേഷൻ
തൃശ്ശൂർ - 680 001.

**പരാതിയുടെ സംക്ഷിപ്ത രൂപം :**

ശ്രീ. റോയ്സൺ. പി.കെ.സി. യുടെ പേരിലുളള 17604 - A കൺസ്യൂമർ നമ്പർ സർവ്വീസ് കണക്ഷനിൽ 1,00,584/- രൂപ + പലിശ അടവാക്കുവാനുണ്ട്. ടി കണക്ഷനിലെ വാടകക്കാരനായ അൽ മുക്താദിർ ഗോൾഡ് & ഡയമണ്ട് ഗ്രൂപ്പ് ഉടമ ശ്രീ. മൻസൂർ കള്ളപ്പണം വെളുപ്പിക്കലുമായി ബന്ധപ്പെട്ട് ഒളിവിലാണ്. ആയതിനാൽ കെട്ടിട ഉടമസ്ഥനായ ശ്രീ. റോയ്സൺ പി.കെ.സി. യുടെ മകനും പരാതിക്കാരനുമായ ശ്രീ. റിൻസൺ. പി. റോയ്സൺ, ടി കണക്ഷനിലെ കുടിശ്ശിക ബില്ലുകളിലെ പലിശ ഒഴിവാക്കി 12 തവണകളായി ബിൽ തുക അടവാക്കുന്നതിന് അനുവദിക്കുന്നതിനും വേണ്ടിയാണ് സി.ജി.ആർ.എഫ്. മുൻപാകെ പരാതി സമർപ്പിച്ചിരിക്കുന്നത്.

06.08.2025 ന് എല്ലാ രേഖകളും നൽകി, കണക്ഷൻ പൂർണ്ണമായും വിച്ഛേദിക്കുന്നതിനായി അപേക്ഷ സമർപ്പിച്ചതിനു ശേഷവും ഫിക്സഡ് ചാർജ്ജ് 6,665/- രൂപ സഹിതം പുതിയ ബില്ല് ലഭിച്ചു. അടവാക്കാനുളള ബിൽ തുക, അഡീഷണൽ സെക്യൂരിറ്റി ഡെപ്പോസിറ്റിൽ നിന്നും കുറവ് ചെയ്യുന്നതിനും പരാതിയിൽ പരാമർശമുണ്ട്.

**ഫോറത്തിൻെറ നടപടികൾ :**

29.10.2025 ന് ഫോറം പരാതി ഫയലിൽ സ്വീകരിച്ച് സെക്ഷൻ 1 അസിസ്റ്റന്റ് എഞ്ചിനീയർ, ജി.ടി. ബില്ലിങ്ങ് എന്നീ സെക്ഷനുകളിൽ നിന്നും സത്യവാങ്മൂലം ആവശ്യപ്പെട്ടു. 28.11.2025 ന് ഫോറം ചേർന്ന് പരാതി വിശദമായി പരിശോധിച്ചു.

**വിഷയത്തിൽ സെക്ഷൻ 1 അസിസ്റ്റന്റ് എഞ്ചിനീയർ സമർപ്പിച്ച സത്യവാങ്മൂലം.**

10/480 ൽ കൺസ്യൂമർ നം.: 17604 - A, ടി കണക്ഷൻ പുത്തൻപള്ളിക്കു സമീപം (ന്യൂ ചർച്ച് റോഡ്) മഞ്ഞളി ജ്വല്ലേഴ്സിന് എതിർവശത്തായി അൽമുക്താദിർ ഗോൾഡ് ജ്വല്ലറി/മാനുഫാക്ച്ചറിങ്ങ് യൂണിറ്റ് പ്രവൃത്തനം നടത്തുന്നതിനായി 35 കി.വാട്ട് കണക്ടഡ് ലോഡിൽ നൽകിയിരുന്ന ത്രീ ഫേസ് കണക്ഷനാണ്. ടി കണക്ഷൻ EW1 - 5549/25 പ്രകാരം സി.ഡി.സി. ചെയ്യുന്നതിന് 06.08.2025 ന് അപേക്ഷ സെക്ഷനിൽ ലഭ്യമായതു പ്രകാരം സി.ഡി.സി. നടപടികൾ സ്വീകരിക്കുന്നതിനായി ടി.ഡി.സി. ചെയ്ത് കുടിശ്ശിക ബിൽ നൽകിയിട്ടുള്ളതുമാണ്. കുടിശ്ശികയും അനുബന്ധ ചാർജ്ജുകളും അടവാക്കാത്തതിനാൽ കണക്ഷൻ സി.ഡി.സി. ചെയ്യുന്നതിന് സാധിച്ചിട്ടില്ല. അൽമുക്താദിർ ജ്വല്ലറി മാനുഫാക്ച്ചറിങ്ങ് യൂണിറ്റ് പ്രവർത്തനം നിർത്തി പോയതായും, ടി കാലയളവിൽ ഫിക്സഡ് ചാർജ്ജ് ഇനത്തിലാണ് കുടിശ്ശിക വന്നതായി കാണുന്നത്. ബില്ലിങ്ങ് സെക്ഷനിൽ നിന്നും നിലവിലുള്ള കുടിശ്ശിക പരിശോധിക്കാവുന്നതാണ്.

**വിഷയത്തിൽ ജി.ടി. ബില്ലിങ്ങ് സമർപ്പിച്ച സത്യവാങ്മൂലം.**

Royson P.K.C. യുടെ പേരിലുള്ള കൺസ്യൂമർ നമ്പർ: 17604 - A വൈദ്യുതി കണക്ഷൻ LT VII A താരിഫിൽ 35 KW കണക്ടഡ് ലോഡിൽ above 10 KW ൽ 23.03.2023 മുതൽ മന്ത്ലി ബിൽ ചെയ്തു വരുന്ന കണക്ഷനാണ്. ടി കണക്ഷനിൽ നിലവിൽ 12/2024 മുതലുള്ള ബില്ലുകൾ കുടിശ്ശിക ഉള്ളതാണ്. സി.ഡി.സി. ചെയ്യുന്നതുമായി ബന്ധപ്പെട്ട EW1 – 5549/25 ഫയൽ പ്രകാരം കുടിശ്ശിക തുക അടവാക്കുന്നതിന് ടി ഉപഭോക്താവിന് നോട്ടീസ് നൽകിയിരുന്നതാണ്. എന്നാൽ നാളിതുവരെ കുടിശ്ശിക തുക അടവാക്കിയിട്ടില്ലാത്തതാണ്. നിലവിൽ (13.11.2025) ടി കണക്ഷനിൽ 1,13,914/- രൂപ + പലിശ (18%) കുടിശ്ശിക ഉള്ളതാണ്. കുടിശ്ശിക സ്റ്റേറ്റ്മെൻറ് ഇതോടൊപ്പം ചേർക്കുന്നു. കമ്പ്യൂട്ടർ മാസ്റ്റർ പ്രകാരം ടി കണക്ഷനിൽ നിലവിലുള്ള സെക്യൂരിറ്റി ഡെപ്പോസിറ്റ് തുക 24,000/- രൂപ ആകുന്നു.

**ഫോറത്തിൻെറ നിഗമനം.**

10 ബില്ലുകൾ ഉപഭോക്താവിന് കുടിശ്ശികയായ സാഹചര്യത്തിൽ കുടിശ്ശിക ഈടാക്കുന്നതിന് ലൈസൻസി യാതൊരു നടപടിയും സ്വീകരിച്ചതായി കാണുന്നില്ല. ആയതിൻെറ നിയമവശം ഇപ്രകാരമാണ്.

കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡ് 2014 131 (1) പ്രകാരം The consumer shall pay to the Licensee the full amount of the bill on or before the due date inidicated therein, for which the licensee shall issue a receipt. ബില്ലിൽ സൂചിപ്പിച്ചിരിക്കുന്ന അവസാന തിയതിയിലോ അതിനു മുൻപോ ബില്ലിൻെറ മുഴുവൻ തുകയും ഉപഭോക്താവ് ലൈസൻസിക്ക് നൽകേണ്ടതാണ്. അതിന് ലൈസൻസി രസീത് നൽകും.

131 (2) പ്രകാരം If the consumer fails to remit the bill amount on or before the due date, the licensee is entitled to reover interest on the amount of the bill at the rates specified in the schedule of Miscellaneous charges as per schedule 1 of the code. നിശ്ചിത തിയ്യതിയിലോ അതിനു മുൻപോ ബിൽ തുക അടയ്ക്കുന്നതിൽ ഉപഭോക്താവ് പരാജയപ്പെട്ടാൽ, കോഡിൻെറ വിവിധ ചാർജ്ജുകളുടെ നിരക്ക് വ്യക്തമാക്കുന്ന ഷെഡ്യൂൾ 1 പ്രകാരം ബില്ലിൻെറ തുകക്ക് പലിശ ഈടാക്കാൻ ലൈസൻസിക്ക് അവകാശമുണ്ട്.

131 (3) പ്രകാരം The consumer shall be permitted to remit the amount of the bill with interest as specified in the subregulation (2) above within an extended period of fifteen days from the due date specified in the bill. ബില്ലിൽ വ്യക്തമാക്കിയിട്ടുള്ള അവസാന തിയതി മുതൽ പതിനഞ്ച് ദിവസത്തെ കാലയളവിനുള്ളിൽ മുകളിലെ ഉപനിയമം (2) ൽ വ്യക്തമാക്കിയിരിക്കുന്നതുപോലെ ബില്ലിൻെറ തുക പലിശ സഹിതം അടയ്ക്കുന്നതിന് ഉപഭോക്താവിന് അനുവാദമുണ്ടാകും.

131 (4) പ്രകാരം If the consumer fails to remit the amount even within such extended preriod, the licensee may disconnect the supply in accordance with the perocedure specified in Chapter VIII of the code ദീർഘിപ്പിച്ച കാലയളവിനുള്ളിൽ പോലും ഉപഭോക്താവ് തുക അടയ്ക്കുന്നതിൽ പരാജയപ്പെട്ടാൽ കോഡിൻെറ അദ്ധ്യായം VIII ൽ വ്യക്തമാക്കിയ നടപടിക്രമം അനുസരിച്ച് ലൈസൻസിക്ക് വിതരണം വിച്ഛേദിക്കാവുന്നതാണ്.

138 (1) (a) അദ്ധ്യായം VIII പ്രകാരം Grounds for Disconnection : If the consumer defaults in payment of the dues payable to the licensee as per the bill or demand notice or any order issued by a competent authority, within the period stipulated therein വിച്ഛേദിക്കുന്നതിനുള്ള കാരണങ്ങൾ : ബിൽ അല്ലെങ്കിൽ ഡിമാന്റ് നോട്ടീസ് അല്ലെങ്കിൽ ഒരു യോഗ്യതയുള്ള അധികാരി പുറപ്പെടുവിച്ച ഏതെങ്കിലും ഉത്തരവ് പ്രകാരം, അതിൽ നിശ്ചയിച്ചിട്ടുള്ള കാലയളവിനുള്ളിൽ, ലൈസൻസിക്ക് നൽകേണ്ട കുടിശ്ശികകൾ അടയ്ക്കുന്നതിൽ ഉപഭോക്താവ് വീഴ്ച്ച വരുത്തിയാൽ

139 (1) പ്രകാരം The licensee shall, in the case of disconnection proposed on the grounds mentioned in clauses (a) and (b) of subregulation (1) of regulation 138 above, issue a disconnection notice in writing, as per section 56 of the Act, with a notice period of not less than fifteen clear days, intimating the consumer about the grounds for disconnection and directing him to pay the dues with penal charges within the notice period മുകളിലുള്ള റെഗുലേഷൻ 138 ലെ ഉപനിയമം (1) ലെ ക്ലോസുകൾ (എ) യിലും (ബി) യിലും പരാമർശിക്കുന്ന കാരണങ്ങളാൽ വിച്ഛേദിക്കപ്പെടുന്ന സാഹചര്യത്തിൽ, ആക്ടിലെ സെക്ഷൻ 56 അനുസരിച്ച് പതിനഞ്ച് വ്യക്തമായ ദിവസത്തിൽ കുറയാത്ത കാലയളവിൽ ഒരു അറിയിപ്പ് ലൈസൻസി രേഖാമൂലം നൽകേണ്ടതാണ്. വിച്ഛേദിക്കുന്നതിനുള്ള കാരണങ്ങളെക്കുറിച്ച് ഉപഭോക്താവിനെ അറിയിക്കുകയും നോട്ടീസ് കാലയളവിനുള്ളിൽ പിഴ ഈടാക്കൽ ഉൾപ്പെടെ കുടിശ്ശികകൾ അടയ്ക്കാൻ നിർദ്ദേശിക്കുകയും വേണം.

139 (2) പ്രകാരം If the consumer fails to remit the dues within such notice period, the licensee may disconnect the service of the consumer on the expiry of the said notice period, by cutting off the supply in the manner as the licensee may deem fit. അത്തരം അറിയിപ്പ് കാലയളവിനുള്ളിൽ ഉപഭോക്താവ് കുടിശ്ശിക അടയ്ക്കുന്നതിൽ പരാജയപ്പെട്ടാൽ പ്രസ്തുത അറിയിപ്പ് കാലയളവ അവസാനിക്കുമ്പോൾ, ലൈസൻസിക്ക് ഉചിതമെന്ന് തോന്നുന്ന രീതിയിൽ വിതരണം നിർത്തലാക്കി, ഉപഭോക്താവിൻെറ സേവനം വിച്ഛേദിക്കാവുന്നതാണ്.

139 (6) പ്രകാരം The licensee shall, after disconnection on the gounds mentioned in subregulation (1) of regulation 138, give intimation to the consumer as per format given in Annexure 18 to the code, to remove the cause of disconnection within 180 days, failing which the supply may be dismantled. റെഗുലേഷൻ 138 ലെ ഉപനിയമം (1) ൽ പരാമർശിച്ചിരിക്കുന്ന കാരണങ്ങളാൽ വിച്ഛേദിക്കപ്പെട്ടതിനു ശേഷം 180 ദിവസത്തിനുള്ളിൽ വിച്ഛേദിക്കപ്പെടാനുള്ള കാരണം നീക്കം ചെയ്യുന്നതിനായി കോഡിൻെറ അനുബന്ധം 18 ൽ നൽകിയിരിക്കുന്ന ഫോർമാറ്റ് അനുസരിച്ച് ലൈസൻസി ഉപഭോക്താവിനെ അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം വിതരണം പൊളിച്ചു മാറ്റാവുന്നതാണ്.

ആയതിനാൽ കുടിശ്ശിക അടവാക്കാത്ത സാഹചര്യത്തിൽ സപ്ലൈ കോഡ് 131 (1), 131 (2), 131 (3), 131 (4), 138 (1)(a), 139 (1), 139 (2) പ്രകാരം വൈദ്യുതി ബന്ധം വിച്ഛേദിക്കേണ്ടതായിരുന്നു. തുടർന്ന് 139 (6) പ്രകാരം വിച്ഛേദിക്കുന്നതിനുള്ള കാരണം നീക്കം ചെയ്യുന്നതിനായി കോഡിൻെറ അനുബന്ധം 18 ൽ നൽകിയിരിക്കുന്ന ഫോർമാറ്റ് അനുസരിച്ച് ലൈസൻസി ഉപഭോക്താവിനെ അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം 180 ദിവസത്തിനു ശേഷം കണക്ഷൻ പൊളിച്ചു മാറ്റാവുന്നതുമാണ്. എന്നാൽ സപ്ലൈ കോഡ് പ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതിന് ലൈസൻസിക്ക് സാധിച്ചിട്ടില്ല.

ടി കണക്ഷൻ കുടിശ്ശിക അടവാക്കുന്നതിന് ഉപഭോക്താവ് ആവശ്യപ്പെടുന്ന പക്ഷം ആറ് കുടിശ്ശിക ബില്ലുകളിൽ ഗഡുക്കൾ അനുവദിക്കുന്നതിനായുള്ള ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതിന് ലൈസൻസിക്ക് അധികാരമുണ്ട്. അതോടൊപ്പം ഇപ്രകാരം കുടിശ്ശിക നിലനി ൽക്കുന്ന ഉപഭോക്താക്കൾക്ക്, നോട്ടീസ് നൽകി സപ്ലൈ കോഡ് 139(6) പ്രകാരം കണക്ഷൻ പൂർണ്ണമായി വിച്ഛേദിക്കുന്ന നടപടികൾ അടിയന്തിരമായി വീഴ്ച്ച കൂടാതെ സ്വീകരിക്കുന്ന വിഷയം ലൈസൻസിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതിനും ഫോറം തീരുമാനിച്ചു.

**ഉത്തരവ് നടപടികൾ :**

കുടിശ്ശിക അടവാക്കാതെ നിലനിൽക്കുന്ന 17604 - A കണക്ഷൻ 138 1 (a) പ്രകാരം വിച്ഛേദിച്ചതായും, തുടർന്നും കുടിശ്ശിക അടവാക്കാത്ത സാഹചര്യത്തിൽ 139 (6) പ്രകാരവും, പരാതിക്കാരൻെറ അപേക്ഷ പരിഗണിച്ചും 06/2025 ൽ പൂർണ്ണമായും വിച്ഛേദിച്ചതായി രേഖപ്പെടുത്തുന്നതിനും തുടർന്നുള്ള ബില്ലുകൾ റദ്ദ് ചെയ്യുന്നതിനും ഉത്തരവാകുന്നു. ഗഡുക്കൾ ലഭ്യമാക്കുന്നതിന് പരാതിക്കാരന് ലൈസൻസിയെ സമീപിക്കാവുന്നതാണ്.

| | | |
|---|---|---|
| അഡ്വ. അസിയ.പി.കെ | വിനുകൃഷ്ണൻ. കെ | ടി.എസ്. ജോസ് |
| മെമ്പർ | മെമ്പർ | ചെയർപേഴ്സൺ |